"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹോസ്റ്റൽ ബ്ലോക്കിലെ ടോയ്ലറ്റ് അറ്റകുറ്റപ്പണികൾ നടത്തുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.775/2024/SCSTD തീയതി,തിരുവനന്തപുരം, 06-09-2024

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ ഡയറക്ടറുടെ 04/06/2024 ലെ SCDD/6206/2023-C1 (EDN C) നം കത്ത്

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹോസ്റ്റൽ ബ്ലോക്ക് ഒന്നാം നിലയിലെ ടോയ്ലറ്റ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 11,45,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഫണ്ട് ലഭ്യമാക്കണമെന്ന് ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ഇരുന്നൂറ്റി അൻപതിലധികം വിദ്യാർത്ഥികൾ താമസിച്ചു പഠനം നടത്തുന്ന ഹോസ്റ്റലിലെ ടോയ്ലറ്റ് അറ്റകുറ്റപ്പണികൾ അടിയന്തരമായി ചെയ്യേണ്ടതുണ്ടെന്നും അതിനാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 4225-01-800-89(പി) വർക്സ് & ബിൽഡിംഗ്സ് എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശപ്രകാരം പട്ടികജാതി വികസന വകുപ്പ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന പുന്നപ്ര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹോസ്റ്റൽ ബ്ലോക്ക് ഒന്നാം നിലയിലെ ടോയ്ലറ്റ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ 11,45,000/- രൂപയുടെ (പതിനൊന്ന് ലക്ഷത്തി നാൽപത്തി അയ്യായിരം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് നടപ്പു സാമ്പത്തിക വർഷത്തെ 4225-01-800-89(പി)വർക്സ് & ബിൽഡിംഗ്സ് എന്ന ശീർഷകത്തിൽ നിന്നും പ്രസ്തുത തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (27/8/2024 ലെ WW-WW3/179/2022-FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
H Suni
Date: 07-09-2024 09:45:23
സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.